**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് (2016-17 മുതൽ 2020-21വരെ) വർഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് (2016-17 മുതൽ 2020-21 വരെ) വർഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 570 പേരുടെ അപേക്ഷ ലഭിച്ചിട്ടുള്ളതും അതിൽ 537 പേർക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | അവർക്കായി എത്ര രൂപയുടെ ചികിത്സാ ധനസഹായം അനുവദിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വിഭാഗത്തിനായി ആകെ 1,21,00,500/- രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ